ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.06.2025** | പ്രധാന വാർത്തകൾ | **TIME: 07.25 AM**

1. ജമ്മു കശ്മീരിൽ 46,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിർവ്വഹിക്കും. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ ആർച്ച് പാലം പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

   **Prime Minister Narendra Modi will visit Jammu and Kashmir today to lay the foundation stone, inaugurate and dedicate to the nation multiple development projects worth over 46 thousand crore rupees in Jammu & Kashmir. The Prime Minister will dedicate the world's tallest railway arch bridge to the nation.**

2. ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കുന്നതിനായി അമേരിക്ക സന്ദർശിക്കുന്ന ശശി തരൂർ എം പി യുടെ നേതൃത്വത്തിലുള്ള സംഘം വൈസ് പ്രസിഡന്റ് ജെ ഡി വാൻസുമായി കൂടിക്കാഴ്ച്ച നടത്തി.

   **An all party delegation led by MP Shashi Tharoor, visiting the United States to explain Operation Sindoor, met with Vice President J.D. Vance.**

3. റോയൽ ചലഞ്ചേഴ്സിന്റെ വിജയാഘോഷത്തിനിടെ ബംഗളുരുവിൽ 11 പേർ മരിക്കനിടയായ സംഭവത്തിൽ സിറ്റി പോലീസ് കമ്മീഷണർ ഉൾപ്പെടെ അഞ്ച് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ.

**Five officials, including the city police commissioner, have been suspended in connection with the incident that left 11 people dead in Bengaluru during the Royal Challengers Bangalore's victory celebration.**

4. ഹജ്ജിൻറെ പ്രധാന ചടങ്ങുകളിലൊന്നായ കല്ലേറുകർമ്മം ഇന്ന് തുടങ്ങും. കേരളത്തിൽ ബലിപെരുന്നാൾ നാളെ. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

**One of the main rituals of Hajj, stoning of the devil ceremony, will begin today. In Kerala, Bkrid to be celebrated tomorrow. Educational institutions will remain closed today.**

5. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ മത്സര ചിത്രം തെളിഞ്ഞു. ഇന്നലെ നാല് സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ചു.

**The contest picture of the Nilambur by-election has become clear. Four candidates withdrew their nominations yesterday.**

6. ഇന്തോനേഷ്യ ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ സാത്വിക്-ചിരാഗ് സഖ്യം ഇന്ന് മലേഷ്യൻ സഖ്യത്തെ നേരിടും.

**The Satwik-Chirag pair will face the Malaysian pair in the men's doubles quarterfinals of the Indonesia Open badminton tournament today.**

**&&&&&&&&&&&&&&&**

## HEADLINE 1
## CHENAB BRIDGE -INTRO

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ ആർച്ച് പാലമായ ജമ്മു കശ്മീരിലെ ചെനാബ് പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും. ഇന്ത്യയിലെ ആദ്യത്തെ കേബിൾ റെയിൽ പാലമായ അഞ്ജി ഖാദ് പാലവും അദ്ദേഹം ഇന്ന് ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളിലേക്ക്..
(വോയിസ്)

**&&&&&&&&&&&&&&&&&&**

## CHENAB BRIDGE- VOICE

ചെനാബ് നദിയിൽ നിന്ന് 359 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ചെനാബ് പാലത്തിന് ഈഫൽ ടവറിനേക്കാൾ 35 മീറ്റർ പൊക്കമുണ്ട്. ഉദംപൂർ ശ്രീനഗർ ബാരാമുള്ള റെയിൽവേ ലിങ്കിലെ ഒരു പ്രധാന ഭാഗമാണ് ഒരു കിലോമീറ്ററിലധികം ദൈർഘ്യമുള്ള ഈ ഉരുക്കു നിർമ്മിതി. ഭൂകമ്പത്തെയും കാറ്റിനെയും നേരിടാൻ ഉതകുന്ന രീതിയിലാണ് പാലം രൂപകൽപ്പന ചെയ്തിട്ടുള്ളത്. മണിക്കൂറിൽ 260 കിലോമീറ്റർ വരെ വേഗതയിൽ വീശിയടിക്കുന്ന കാറ്റിനെ അതിജീവിക്കാൻ ഈ പാലത്തിന് കഴിയും. 120 വർഷത്തോളം കേടുപാടുകളില്ലാതെ പാലം നിലനിൽക്കും. ഇന്ത്യയിലെ ആദ്യത്തെ കേബിൾ റെയിൽ പലമായ അഞ്ജി ഘാട്ട് പാലവും ഇതോടൊപ്പ പ്രധാനമന്ത്രി രാഷ്ട്രത്തിനു സമർപ്പിക്കും. ചെനാബിന് തെക്ക്, ആഴമേറിയ അഞ്ജി നദീതടത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ പാലം, ഉദംപൂർ ശ്രീനഗർ ബാരാമുള്ള റെയിൽ ലൈനിലെ കത്ര ബനിഹാൽ ഭാഗത്തെ ബന്ധിപ്പിക്കുന്നു. ഭൂചലനങ്ങൾ, ശക്തമായ കാറ്റുകൾ, എന്നിവയെ അതിജീവിക്കാൻ പര്യാപ്തമാണ് അഞ്ജി പാലം.
ന്യൂസ് ഡെസ്ക് ആകാശവാണി.

**&&&&&&&&&&&&&&&&&&**

## PM- VANDEBHARAT

ഉദംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതി ഉൾപ്പെടെ കത്രയിൽ 46,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും പ്രധാനമന്ത്രി നിർവ്വഹിക്കും. ഇതിൽ 36 തുരങ്കങ്ങളും 943 പാലങ്ങളും ഉൾപ്പെടുന്നു. ശ്രീനഗറിൽ

നിന്നും കത്രയിലേക്കുള്ള ആദ്യ വന്ദേ ഭാരത് സർവീസ് പ്രധാനമന്ത്രി ഫ്ളാഗ്ഓഫ് ചെയ്യും.

&&&&&&&&&&&&&&&

## J-K-OPERATION SHIVA

ജമ്മു കശ്മീരിൽ, ജൂലൈ 3 ന് ആരംഭിക്കുന്ന 38 ദിവസത്തെ അമർനാഥ് യാത്രയ്ക്ക് സൈന്യം പൂർണ്ണ സുരക്ഷ ഉറപ്പാക്കും. ഇതിനായി ഓപ്പറേഷൻ ശിവ എന്ന പേരിൽ സമഗ്ര സുരക്ഷാ ഉദ്യമം ആരംഭിച്ചു. 3,888 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ജമ്മു കശ്മീർ താഴ്‌വരയിലെ പവിത്രമായ അമർനാഥ് ഗുഹാക്ഷേത്രത്തിലേക്ക് ആയിരക്കണക്കിന് ഭക്തരാണ് ദർശനത്തിനെത്തുന്നത്. മെയ് 29 ന് ജമ്മുവിൽ നടന്ന ഉന്നതതല അവലോകന യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, തടസ്സരഹിതവും സുരക്ഷിതവുമായ തീർത്ഥാടനം ഉറപ്പാക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&

## PM 11 YEARS

ദരിദ്രരുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ എന്നും അനുഭാവപൂർണമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എൻ.ഡി.എ. സർക്കാർ 11 വർഷം പൂർത്തിയാക്കുമ്പോൾ ദാരിദ്ര്യത്തിനെതിരെ പോരാടുന്നതിലും എല്ലാ വിഭാഗം ജനങ്ങളെയും ശക്തിപ്പെടുത്തുന്നതിലും സർക്കാർ നടത്തിയ ശ്രമങ്ങൾ പ്രധാനമന്ത്രി എടുത്തു പറഞ്ഞു. പാർപ്പിടം, ശുദ്ധമായ പാചക ഇന്ധനം, ബാങ്കിംഗ് സേവനങ്ങൾ, ആരോഗ്യ സംരക്ഷണം എന്നിവ മെച്ചപ്പെടുത്തിയ പ്രധാനമന്ത്രി ആവാസ് യോജന, പ്രധാനമന്ത്രി ഉജ്ജ്വല യോജന, ജൻ ധൻ യോജന, ആയുഷ്മാൻ ഭാരത് തുടങ്ങിയ പ്രധാന സംരംഭങ്ങളെക്കുറിച്ചും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

## HEADLINE 2

## OERATION SINDOOR

ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കുന്നതിനായി അമേരിക്ക സന്ദർശിക്കുന്ന ശശി തരൂർ എം പി യുടെ നേതൃത്വത്തിലുള്ള സംഘം വൈസ് പ്രസിഡന്റ് ജെ ഡി വാൻസുമായി കൂടിക്കാഴ്ച്ച നടത്തി.ഇന്ത്യൻ പ്രവാസി സമൂഹത്തിലെ പ്രമുഖരുമായും സംഘം ചർച്ച നടത്തി. ഭീകരാക്രമണങ്ങൾ ഉൾപ്പെടെയുള്ള പാകിസ്ഥാന്റെ അപ്രഖ്യാപിത യുദ്ധങ്ങൾ ലോക ജനതയെ ധരിപ്പിക്കാൻ സർവകക്ഷി സംഘത്തിന്റെ യാത്രയിലൂടെ സാധിച്ചെന്ന് മുൻ കേന്ദ്രസഹമന്ത്രി വി. മുരളീധരൻ ന്യൂഡൽഹിയിൽ പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കാൻ നടത്തിയ യാത്രയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാകിസ്ഥാന് ഉപരോധമേർപ്പെടുത്തണമെന്ന ഐക്യരാഷ്ട്ര സഭയ്ക്ക് മുന്നിലുള്ള ആവശ്യത്തിന് യാത്ര ശക്തിപകരുമെന്ന് ശ്രീ വി.മുരളീധരൻ പറഞ്ഞു.

&&&&&&&&&&&&&&&

## JAISHANKAR- INDIA CENTRAL ASIA

സാമ്പത്തിക മേഖലയിൽ ഇന്ത്യൻ ബാങ്കുകളുടെ ഇടപെടലുകൾ ഇന്ത്യ-മധ്യേഷ്യ സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ . ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-മധ്യേഷ്യ ബിസിനസ് കൗൺസിലിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മധ്യേഷ്യൻ ബാങ്കുകൾക്ക് തങ്ങളുടെ ആസ്തി ഇന്ത്യൻ ബാങ്കുകളിൽ ഇന്ത്യൻ രൂപയിൽ നിക്ഷേപിക്കാൻ സാധിക്കുന്ന റുപ്പി വോസ്ട്രോ അക്കൗണ്ടുകൾ തുറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. യുപിഐ

ഉപയോഗം സംബന്ധിച്ചും ചർച്ചകൾ പുരോഗമിക്കുന്നതായി ശ്രീ ജയ്ശങ്കർ പറഞ്ഞു.

(വോയിസ് )

&&&&&&&&&&&&&&&

## INDIA AND VIETNAM

മാധ്യമ, വിനോദ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യയും വിയറ്റ്നാമും തീരുമാനിച്ചു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗനും ഉന്നതതല വിയറ്റ്നാമീസ് ഉദ്യോഗസ്ഥ സംഘവും തമ്മിൽ ഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിലാണ് തീരുമാനം. ബുദ്ധമത പൈതൃകം ഉൾപ്പെടെ ആഴത്തിലുള്ള സാംസ്കാരിക ബന്ധങ്ങളാണ് ഇരു രാജ്യങ്ങളും തമ്മിലുള്ളത്. 2016 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിയറ്റ്നാം സന്ദർശന വേളയിലാണ് ഉഭയകക്ഷി ബന്ധം സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തിയത്.

&&&&&&&&&&&&&&&

## OM BIRLA

ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അഭിസംബോധന ചെയ്യുന്ന, നീതിയുക്തവും നിയമാധിഷ്ഠിതവുമായ ആഗോള വ്യാപാര സംവിധാനത്തിനുള്ള ഇന്ത്യയുടെ ശക്തമായ പിന്തുണ ലോക്സഭാ സ്പീക്കർ ഓം ബിർള ആവർത്തിച്ചു. ബ്രസീലിയയിൽ നടന്ന ബ്രിക്സ് പാർലമെൻററി ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സംയുക്ത ശ്രമങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും സാമ്പത്തിക വികസനത്തിന് ഒരു പുതിയ നിർവചനം കണ്ടെത്താൻ കഴിയുന്ന സുപ്രധാന വേദിയായായാണ് ബ്രിക്സ് പാർലമെൻ്ററി

ഫോറത്തെ ഇന്ത്യ കാണുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&

## HEADLINE 3

## BENGALURU STAMPEDE

ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ റോയൽ ചലഞ്ചേഴ്സിന്റെ വിജയാഘോഷത്തിനിടെ 11 പേർ മരിച്ച സംഭവത്തിൽ ബെംഗളൂരു പോലീസ് കമ്മീഷണർ ബി ദയാനന്ദ ഉൾപ്പെടെ അഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. RCB ടീമിന്റെ പ്രതിനിധികളെയും, ഇവന്റ് മാനേജ്മെന്റ് സ്ഥാപനമായ DNA എന്റർടൈൻമെൻറിൻറേയും, കർണാടക ക്രിക്കറ്റ് അസോസിയേഷന്റെയും പ്രതിനിധികളെയും അറസ്റ്റ് ചെയ്യാനും കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉത്തരവിട്ടു. ഇവർക്കെതിരെ മനഃപൂർവമല്ലാത്ത നരഹത്യക്കാണ് കേസ് എടുത്തിരിക്കുന്നത്. ജസ്റ്റിസ് മൈക്കൽ ഡി കുൻഹ കമ്മീഷൻ സംഭവം അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&

## RBI - REPO RATE

റിസർവ് ബാങ്കിൻറെ പണ -വായ്പാ നയം ഇന്ന് പ്രഖ്യാപിക്കും. തുടർച്ചയായ മൂന്നാം തവണയും ആർ.ബി.ഐ അടിസ്ഥാന പലിശയായ റിപ്പോ നിരക്ക് കാൽ ശതമാനം കുറയുമെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ബുധനാഴ്ചയാണ് പണ നയ സമിതിയുടെ ത്രിദിന യോഗം ആരംഭിച്ചത്. 2025 ഫെബ്രുവരിയിലും ഏപ്രിലിലും നിരക്ക് കാൽ ശതമാനം വരെ കുറച്ചിരുന്നു. ആറുശതമാനമാണ് നിലവിൽ റിപ്പോ നിരക്ക്.

**&&&&&&&&&&&&&&&**

## HEADLINE 4 A

## BAKRID - HOLIDAY

കേരളത്തിൽ ബലിപെരുന്നാൾ നാളെ ആഘോഷിക്കും. ഇന്ന് നിശ്ചയിച്ചിരുന്ന പൊതു അവധി നാളത്തേയ്ക്ക് മാറ്റി സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കേന്ദ്രജീവനക്കാരുടെ ബക്രീദ് അവധിയും നാളത്തേയ്ക്ക് മാറ്റി. ഇന്ന് പ്രവൃത്തി ദിവസമായിരിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും അവധിയാണ്.

**&&&&&&&&&&&&&&&**

## HEADLINE 4

## HAJJ

ഹജ്ജിൻറെ രണ്ടാംദിനമായ ഇന്നലെ 16 ലക്ഷത്തിലധികം തീർത്ഥാടകർ അറഫ സംഗമത്തിന്റെ പുണ്യം നേടി. ഇതിൽ 15 ലക്ഷം പേർ വിദേശത്തു നിന്നുള്ളവരാണ്. ഹജ്ജിൻറെ പ്രധാന ചടങ്ങുകളിലൊന്നായ കല്ലേറുകർമ്മം ഇന്ന് തുടങ്ങും. ജംറ ടവറിൽ പിശാചിൻറെ മൂന്നു പ്രതീകങ്ങൾക്കുനേരെയാണ് കല്ലേറ് നടത്തുക.

**&&&&&&&&&&&&&&&**

## HEADLINE 5

## NILAMBUR BY POLL

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ മത്സര ചിത്രം തെളിഞ്ഞു. പത്രിക പിൻവലിക്കാനുള്ള അവസാന തീയ്യതിയായ ഇന്നലെ നാല് സ്ഥാനാർത്ഥികൾ പത്രികകൾ പിൻവലിച്ചു. പ്രമുഖ മുന്നണികളുടെ സ്ഥാനാർത്ഥികളടക്കം പത്ത് പേരാണ് മത്സര രംഗത്തുള്ളത്. ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം സ്ഥാനാർത്ഥികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. എൽ.ഡി.എഫ് സ്ഥാനാർഥി

എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും മത്സര രംഗത്തുണ്ട്. വോട്ടെടുപ്പ് ദിവസമായ ഈ മാസം 19 ന് നിലമ്പൂർ നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. 23 നാണ് വോട്ടെണ്ണൽ.

**&&&&&&&&&&&&&&&**

## HEADLINE 6

## INDONESIA OPEN – BADMINTON

ഇന്തോനേഷ്യ ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ, ഇന്ന്, ചിരാഗ് ഷെട്ടി സാത്വിക്സായ്‌രാജ് റങ്കിറെഡ്ഡി സഖ്യം, മലേഷ്യൻ സഖ്യത്തെ നേരിടും. ജക്കാർത്തയിലാണ് മത്സരം. വനിതാ സിംഗിൾസിൽ, പി.വി. സിന്ധു പ്രീ-ക്വാർട്ടറിൽ പുറത്തായി.

**&&&&&&&&&&&&&&&**

## NORWAY CHESS

നോർവെ ചെസ് ടൂർണമെന്റിന്റെ ഒമ്പതാം റൗണ്ടിൽ ഇന്ത്യൻ ചെസ് താരവും ഏറ്റവും പ്രായംകുറഞ്ഞ ലോക ചാമ്പ്യനുമായ ഡി ഗുകേഷിന് വീണ്ടും ജയം. ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് ഗുകേഷ് വിജയിച്ചത്.

**&&&&&&&&&&&&&&&**

## ARYNA SABALENKA

ഒന്നാം സീഡായ ആര്യാന സബലേങ്ക ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ. നാളെ നടക്കുന്ന ഫൈനലിൽ കന്നിക്കിരീടത്തിനായി സബലേങ്ക, അമേരിക്കയുടെ കോകൊ ഗാഫിനെ നേരിടും.

&&&&&&&&&&&&&&&
&&&&&&&&&
&&&